# ഫോറസ്ട്രി ഇൻഫർമേഷൻ ബ്യൂറോ

ഫോറസ്റ്റ് ഹെഡ്ക്വാർട്ടേഴ്സ്,വഴുതക്കാട്,

തിരുവനന്തപുരം

website: www.forest.keralagov.in, Email: fibnews@gmail.com, Ph. 0471- 2529145

## പത്രക്കുറിപ്പ്

തീയതി.07.03.2019

### പമ്പാമണൽ: ഇ-ലേലം ചെയ്യുന്നു

ആഗസ്റ്റിലുണ്ടായ പ്രളയത്തെ തുടർന്ന് പമ്പാനദിയിൽ അടിഞ്ഞുകൂടിയതും പ്ലാപ്പള്ളി ഫോറസ്റ്റ് സ്റ്റേഷനിലെ പമ്പ ഹിൽടോപ്പ്, ചക്കുപാലം-I എന്നീ സ്ഥലങ്ങളിൽ ശേഖരിച്ചിരിക്കുന്നതുമായ മണലിന്റെ ഇ-ലേലം മാർച്ച് 20 ലേക്ക് മാറ്റി വിൽക്കുന്നു. രാവിലെ 30 ലോട്ടുകളിലായി 30000 ക്യുബിക് മീറ്റർ മണലും ഉച്ചയ്ക്ക് ശേഷം 25 ലോട്ടുകളിലായി 25000 ക്യുബിക് മീറ്റർ മണലുമാണ് വിൽക്കാൻ ഉദ്ദേശിക്കുന്നത്. ഇ- ലേല നടപടികൾക്ക് നിയോഗിച്ചിട്ടുള്ള ഏജൻസിയായ എം.എസ്.റ്റി.സി.യിൽ പേര് രജിസ്റ്റർ ചെയ്യുന്നവർക്ക് മാത്രമേ ലേലത്തിൽ പങ്കെടുക്കുവാൻ കഴിയുകയുള്ളൂ. ഇതു സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ എം.എസ്.റ്റി.സി.യുടെ ***www.mstcecommerce.com*** എന്ന വെബ്സൈറ്റിൽ നിന്നോ റാന്നി വനം ഡിവിഷനിലെ ഗൂഡ്രിക്കൽ റെയിഞ്ച് ഫോറസ്റ്റ് ഓഫീസിൽ നിന്നോ അറിയാവുന്നതാണ്.

ഫോൺ: 04735-279063, 8547600890.

ഡോ. അഞ്ചൽ കൃഷ്ണകുമാർ
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോറസ്ട്രി ഇൻഫർമേഷൻ ബ്യൂറോ